**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 155** **07-06-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri M. V. Govindan Master**<br>**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | മുൻസർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള വീടുകളുടെ എണ്ണം എത്രയാണ്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | മുൻസർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം 244 വീടുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം (1)ആയി ചേർക്കുന്നു. |
| (ബി) | വടകര മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം വീടിനായി അപേക്ഷ നൽകിയിട്ടും വീട് ലഭിക്കാത്ത അപേക്ഷകരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | വടകര മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം വീടിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം (2)ആയി ചേർക്കുന്നു. ലഭ്യമായ അപേക്ഷകളുടെ വെരിഫിക്കേഷൻ പൂർത്തീകരിച്ച് ഗ്രാമസഭയുടെ അംഗീകാരത്തോടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തദ്ദേശ സ്ഥാപനതലത്തിൽ അന്തിമഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതിന് ശേഷം ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതാണ്. |
| (സി) | അപേക്ഷ നൽകിയിട്ടും വീട് ലഭിക്കാത്തവർക്ക് എപ്പോൾ വീട് ലഭ്യമാക്കാനാകും എന്നും ഇതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കാമോ; | (സി) | വടകര മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം വീടിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം (2)ആയി ചേർക്കുന്നു. ലഭ്യമായ അപേക്ഷകളുടെ വെരിഫിക്കേഷൻ പൂർത്തീകരിച്ച് ഗ്രാമസഭയുടെ അംഗീകാരത്തോടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തദ്ദേശ സ്ഥാപനതലത്തിൽ അന്തിമഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതിന് ശേഷം ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതാണ്. |
| (ഡി) | സ്വന്തമായി സ്ഥലമുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഒരേ വീട്ടിൽത്തന്നെ കഴിയേണ്ടി വരുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് പ്രത്യേകം | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | റേഷൻ കാർഡ് ഇല്ലാത്തതിനാൽ ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | എങ്കിൽ അത്തരം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് ലഭ്യമാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവു വരുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | ലൈഫ് പദ്ധതി പ്രകാരം ഒരു റേഷൻ കാർഡിൽ പേര് ഉള്ളവർ ഉൾപ്പെടുന്ന കുടുംബത്തിനാണ് അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വീട് നൽകുന്നത്. 06.09.2019-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ. (സാ.ധാ) നം. 1946/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം (അനുബന്ധം (3)ൽ ചേർക്കുന്നു) പട്ടികജാതി/ പട്ടികവർഗ്ഗ/ മത്സ്യതൊഴിലാളി വിഭാഗത്തിന് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം (1)</u>

| DISTRICT | CONSTITUENCY | LSGI | PHASE-1 | | | | PHASE- II | | | | SC/ST /FISHERIES ADDITIONAL L | | | | GRAND TOTAL | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ELIGIBLE | Agreement | COMPLETED | BALANCE | ELIGIBLE | Agreement | COMPLETED | BALANCE | ELIGIBLE | Agreement | COMPLETED | BALANCE | ELIGIBLE | Agreement | COMPLETED | BALANCE |
| Kozhikode | 20-Vadakara | Azhiyur | 5 | 5 | 5 | 0 | 24 | 24 | 22 | 2 | 9 | 2 | 0 | 2 | 38 | 31 | 27 | 4 |
| | | Cherode | 2 | 2 | 2 | 0 | 36 | 36 | 32 | 4 | 15 | 4 | 0 | 4 | 53 | 42 | 34 | 8 |
| | | Eramala | 8 | 8 | 8 | 0 | 68 | 68 | 66 | 2 | 12 | 11 | 0 | 11 | 88 | 87 | 74 | 13 |
| | | Onchiyam | 4 | 4 | 4 | 0 | 11 | 11 | 11 | 0 | 9 | 3 | 0 | 3 | 24 | 18 | 15 | 3 |
| | | Vadakara(M) | 66 | 66 | 65 | 1 | | | | 0 | 13 | 0 | 0 | 0 | 79 | 66 | 65 | 1 |
| | | TOTAL | 85 | 85 | 84 | 1 | 139 | 139 | 131 | 8 | 58 | 20 | 0 | 20 | 282 | 244 | 215 | 29 |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം (2)</u>

| | | ഭൂരഹിതർ | ഭൂരഹിത ഭവനരഹിതർ |
|---|---|---|---|
| 1 | അഴിയൂർ | 253 | 172 |
| 2 | ചോറോട് | 423 | 161 |
| 3 | ഏറാമല | 513 | 48 |
| 4 | ഒഞ്ചിയം | 355 | 115 |
| 5 | വടകര മുനിസിപ്പാലിറ്റി | 308 | 231 |
| | ആകെ | 1852 | 727 |

Reeny

സെക്ഷൻ ഓഫീസർ

അനുബന്ധം (3)

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - പട്ടികജാതി/ മത്സ്യതൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് "ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്", "ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത്" എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1946/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 06/09/2019

പരാമർശം:- 1 സ.ഉ (എം.എസ്) നം.151/17/ത.സ്വ.ഭ.വ തീയതി 31/07/2017.

2. 05/08/2019 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗ മിനിട്ട്സ്.

ഉത്തരവ്

പരാമർശം(2)യോഗ നടപടിക്കുറിപ്പിലെ തീരുമാനം (4) ന്റെ അടിസ്ഥാനത്തിൽ, പട്ടികജാതി/ മത്സ്യതൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് പരാമർശം (1) ഉത്തരവിലെ"ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്", "ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത്" എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതുപ്രകാരം ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായിരുന്നാലും അവർ വ്യത്യസ്ത വീടുകളിൽ താമസിക്കുന്നവരോ ഒരേ വീട്ടിൽ താമസിക്കുന്നുവെങ്കിലും വ്യത്യസ്ത അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരോ ആയവരെയും വിവാഹം കഴിഞ്ഞു ഒരു വർഷത്തിലേറെയായിട്ട് സ്വന്തമായി വീടില്ലാത്തതു കൊണ്ട് മാത്രം മറ്റു വീടുകളിലോ തങ്ങളെ ആശ്രയിച്ചു കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്നവരേയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് അവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകാവുന്നതാണ്.

2.പട്ടികജാതി / പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ അതാത് വകുപ്പിലെ ഭൂമിയുള്ള ഭവന രഹിതർ / ഭൂരഹിത ഭവന രഹിതർ എന്നിവരിൽ അർഹതയുള്ള

ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറേണ്ടതും ലൈഫ് മിഷൻ ടി ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യം ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി / പട്ടിക വർഗ്ഗ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

Reena

സെക്ഷൻ ഓഫീസർ